**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 48** **07-10-2024 - ൽ മറുപടിയ്ക്ക്**

**കേരള പബ്ലിക് സർവീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പബ്ലിക് സർവീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഓരോ ഘട്ടത്തിലും നടപ്പിലാക്കിയ പരിഷ്കരണങ്ങൾ എന്തൊക്കെയാണെന്നും ഓരോ ഘട്ടത്തിലും ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട് ഏതൊക്കെ സർക്കാർ/പൊതുമേഖല/സ്വകാര്യ ഏജൻസികളുടെ സഹായസഹകരണങ്ങൾ തേടിയിട്ടുണ്ടെന്നും അതിൽ പൊതുമേഖല/സ്വകാര്യ ഏജൻസികൾ ഉണ്ടെങ്കിൽ അവർക്ക് പ്രതിഫലമായി എത്ര തുക വീതം ഇതുവരെ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | OMR സ്കാനിംഗ് സോഫ്റ്റ് വെയർ Thulasi സോഫ്റ്റ് വെയറുമായി integrate ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരള പി എസ് സി യുടെ ആപ്ലിക്കേഷൻ cloud environment ലേയ്ക്ക് മാറ്റുന്നതിനും , കേരള പി എസ് സി യിൽ Block Chain Technology നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്. കേരള പി എസ് സി യിൽ കമ്പ്യൂട്ടർവത്കരണം നടപ്പാക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും ചിലവായ തുക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും ചെലവായ തുകയിൽ സർക്കാർ ഏജൻസികൾക്ക് (C-DIT, CDAC) സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് നൽകിയ തുകയും ഉൾപ്പെടുന്നുണ്ട്. പി എസ് സി യിൽ കമ്പ്യൂട്ടർവത്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള പി എസ് സി യുടെ സാങ്കേതിക വിഭാഗം സ്വന്തമായി വികസിപ്പിച്ച സോഫ്റ്റ് വെയറുകളും , സർക്കാർ ഏജൻസികൾ വികസിപ്പിച്ച സോഫ്റ്റ് വെയറുകളും ഉപയോഗിക്കുന്നു. |
| (സി) | പി. എസ്. സി. യിൽ നിലവിൽ ഉപയോഗിക്കുന്നതോ, ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിനായി ഏതെങ്കിലും സ്വകാര്യ/പൊതുമേഖല ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ | (സി) | OMR സ്കാനിംഗ് സോഫ്റ്റ് വെയർ Thulasi സോഫ്റ്റ് വെയറുമായി integrate ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരള പി എസ് സി യുടെ ആപ്ലിക്കേഷൻ cloud environment ലേയ്ക്ക് മാറ്റുന്നതിനും , കേരള പി എസ് സി യിൽ Block Chain Technology നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | നൽകിയ സേവനം എന്തെന്നും ഈടാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ? | | നടപടികൾ പ്രാരംഭഘട്ടത്തിലാണ്. കേരള പി എസ് സി യിൽ കമ്പ്യൂട്ടർവത്കരണം നടപ്പാക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും ചിലവായ തുക അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും ചെലവായ തുകയിൽ സർക്കാർ ഏജൻസികൾക്ക് (C-DIT, CDAC) സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് നൽകിയ തുകയും ഉൾപ്പെടുന്നുണ്ട്. പി എസ് സി യിൽ കമ്പ്യൂട്ടർവത്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള പി എസ് സി യുടെ സാങ്കേതിക വിഭാഗം സ്വന്തമായി വികസിപ്പിച്ച സോഫ്റ്റ് വെയറുകളും , സർക്കാർ ഏജൻസികൾ വികസിപ്പിച്ച സോഫ്റ്റ് വെയറുകളും ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| | |
|---|---|
| 2001 | ഹെഡ് ഓഫീസിൽ ഒരു കമ്പ്യൂട്ടർ സെന്റർ സ്ഥാപിച്ചു.ലഭിക്കുന്ന അപേക്ഷകളുടെ data entry, വെരിഫിക്കേഷൻ, അഡ്മിഷൻ ടിക്കറ്റുകളുടെ വെരിഫിക്കേഷൻ, ഓ എം ആർ രീതിയിലുള്ള ഉത്തരക്കടലാസുകൾ എന്നിവ കൊണ്ടുവന്നു. ലഭിക്കുന്ന അപേക്ഷകളുടെ Data Entry നടത്തുന്നതിനും ആയത് പ്രോസസ്സ് ചെയ്യുന്നതിനും സിഎംസി ഡെവലപ്പ് ചെയ്ത REACT എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചു. OMR മൂല്യ നിർണയം ആരംഭിച്ചു. |
| 2002 | ഉദ്യോഗാർഥികളുടെ വിവരങ്ങൾ , അഡ്മിഷൻ ടിക്കറ്റ് എന്നിവ കമ്പ്യൂട്ടർ വത്കരിച്ചു |
| 2003 | OMR അപേക്ഷകൾ നടപ്പിലാക്കി.2003 ൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് നിലവിൽ വന്നു. |
| 2007 | 2007 ജനുവരി മാസത്തിൽ ഓൺലൈൻ അപേക്ഷ സംവിധാനം നടപ്പാക്കി. വെബ് മെയിൽ സംവിധാനം കൊണ്ടുവന്നു. REACT സോഫ്റ്റ്‌വെയർ യൂസർ ഫ്രണ്ട്‌ലി ആക്കുകയും iREACT എന്ന് പുനഃ നാമകരണം ചെയ്യുകയും ചെയ്തു. |
| 2008 | ബഹു കമ്മീഷന്റെ എല്ലാ ഓഫീസുകളും VPN കണക്ഷന് കീഴിൽ കൊണ്ടുവന്നു. ഉദ്യോഗാർഥികളുടെ ഫോട്ടോ ഉൾപ്പെടെയുള്ള ഓൺലൈൻ അപേക്ഷ , ഹാൾ ടിക്കറ്റ് എന്നിവ കൊണ്ടുവന്നു.ഒബ്ജക്റ്റീവ് പരീക്ഷയുടെയും വകുപ്പുതല പരീക്ഷയുടെയും മാർക്ക് വെബ്‌സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന സംവിധാനം അതെ വർഷം തന്നെ നടപ്പാക്കി.ഫയലുകൾ സ്റ്റോർ ചെയ്യുന്നതിനും ഷെയർ ചെയ്യുന്നതിനും KDOCMAN (Kpsc DOCument MANager ) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചു |
| 2009 | റാങ്ക് ലിസ്റ്റുകളും ഷോർട്ട് ലിസ്റ്റുകളും തയ്യാറാക്കുന്നതിനായി e-Result Pro എന്ന സോഫ്റ്റ്‌വെയറും അഡ്വൈസ് ലെറ്ററുകൾ തയ്യാറാക്കുന്നതിനായി e-Advice pro എന്ന സോഫ്റ്റ് വെയറുകളും വികസിപ്പിക്കുകയും ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തു. |
| 2010 | വെബ്‌സൈറ്റിലൂടെ അഡ്മിഷൻ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യെടുക്കാവുന്ന സംവിധാനം നടപ്പിലാക്കി |
| 2011 | വകുപ്പുതല പരീക്ഷകളുടെ അപേക്ഷകൾ ഓൺലൈൻ ആക്കുകയും , വകുപ്പുതല പരീക്ഷക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. M governance നടപ്പാക്കിയതിലൂടെ ഉദ്യോഗാർഥികളുടെ രജിസ്റ്റർചെയ്ത മൊബൈൽ നമ്പറുകളിലേയ്ക്ക് ഹാൾ ടിക്കറ്റ് ഡൌൺലോഡ് ചെയ്യുന്നതിനുള്ള SMS നൽകുന്ന സംവിധാനം നിലവിൽ വന്നു. |

| | |
|---|---|
| 2012 | തുളസി സോഫ്റ്റ് വെയറിലൂടെ One Time Registration സംവിധാനം 01.01.2012- ൽ നടപ്പാക്കി |
| 2013 | സി ഡിറ്റ് തയ്യാറാക്കിയ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ 07.09.2013 ന് ആദ്യത്തെ ഓൺലൈൻ പരീക്ഷ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തി. |
| 2014 | Thiruvananthapuram,Pathanamthitta, Ernakulam ജില്ലകളിൽ ഓൺലൈൻ പരീക്ഷ കേന്ദ്രങ്ങൾ ആരംഭിച്ചു |
| 2016 | Kozhikkode ജില്ലയിൽ ഓൺലൈൻ പരീക്ഷ കേന്ദ്രം ആരംഭിച്ചു |
| 2021 | Palakkad ജില്ലയിൽ ഓൺലൈൻ പരീക്ഷ കേന്ദ്രം ആരംഭിച്ചു |
| 2022 | Thrissur, Kasargod ജില്ലകളിൽ ഓൺലൈൻ പരീക്ഷ പരീക്ഷ കേന്ദ്രങ്ങൾ ആരംഭിച്ചു |
| 2023 | Kottayam ഓൺലൈൻ പരീക്ഷ കേന്ദ്രം-I ആരംഭിച്ചു |
| 2024 | Kottayam ഓൺലൈൻ പരീക്ഷ കേന്ദ്രം-II ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |

**അനുബന്ധം II**

| YEAR | Computerisation in KPSC | Setting up of online examination centre |
|---|---|---|
| 2005-06 | 1,00,00,000/- | Nil |
| 2006-07 | 1,00,00,000/- | Nil |
| 2007-08 | 68,80,755/- | Nil |
| 2008-09 | 56,30,705/- | Nil |
| 2009-10 | 1,45,08,511/- | Nil |
| 2010-11 | 50,00,000/- | Nil |
| 2011-12 | 1,00,00,000/- | Nil |
| 2012-13 | 1,24,56,477/- | Nil |
| 2013-14 | 1,99,86,720/- | Nil |
| 2014-15 | 2,50,00,000/- | Nil |
| 2015-16 | 2,49,27,545/- | Nil |
| 2016-17 | 5,32,19,907/- | Nil |
| 2017-18 | 2,19,34,623/- | Nil |
| 2018-19 | 2,99,82,329/- | Nil |
| 2019-20 | 1,46,79,326/- | Nil |
| 2020-21 | 2,60,39,069/- | Nil |
| 2021-22 | 2,49,97,323/- | Nil |
| 2022-23 | 2,37,58,984/- | Nil |

| | | |
|---|---|---|
| 2023-24 | 1,70,69,559/- | 1,25,68,000/- |
| **TOTAL** | **35,60,71,833/-** | **1,25,68,000/-** |